**കേരള സർക്കാർ**

സംഗ്രഹം

കേരള സംസ്ഥാന പട്ടികജാതി പട്ടിക ഗോത്ര വർഗ കമ്മീഷൻ അക്കൗണ്ട്സ് ഓഫീസറുടെ പേരിൽ ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **3347/2018/ധന.** തിരുവനന്തപുരം, തീയതി **12.04.2018**

പരാമർശം - കേരള സംസ്ഥാന പട്ടികജാതി പട്ടിക ഗോത്ര വർഗ കമ്മീഷൻ സെക്രട്ടറിയുടെ 07.03.2018 ലെ 15901E1/2018/ KSCSC&ST നമ്പരായുള്ള കത്ത്.

**ഉത്തരവ്**

പട്ടികജാതി പട്ടികവർഗ്ഗക്കാർ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരാകയാൽ മറ്റു ജില്ലകളിൽ നിന്നുള്ള പരാതിക്കാർക്ക് തിരുവനന്തപുരത്ത് കമ്മീഷൻ ആസ്ഥാനത്ത് ഹിയറിംഗിന് ഹാജരാകാൻ വളരെ ബുദ്ധിമുട്ടാണെന്നും പ്രസ്തുത വസ്തുത പരിഗണിച്ച് തിരുവനന്തപുരം ഒഴികെയുള്ള ജില്ലകളിലെ പരാതികൾ അതാത് ജില്ലകളിൽ അദാലത്ത് നടത്തി തീർപ്പാക്കാനാണ് കമ്മീഷന്റെ തീരുമാനമെന്നും 2018 ഏപ്രിൽ മുതൽ ജില്ലതല അദാലത്തുകൾ ആരംഭിക്കുമ്പോൾ ദിവസേന 50000/- രൂപ വരെ പിൻവലിക്കേണ്ടതായി വരുന്ന സാഹചര്യത്തിൽ ആവശ്യമായ പണം ട്രഷറി അക്കൗണ്ടിൽ നിന്നും ബാങ്ക് അക്കൗണ്ടിലേക്കു മാറ്റിയശേഷം ആവശ്യാനുസരണം പിൻവലിക്കുന്നതിന് കമ്മീഷൻ അക്കൗണ്ട്സ് ഓഫീസറുടെ പേരിൽ SBI വെള്ളയമ്പലം ബ്രാഞ്ചിൽ ഒരു കറന്റ് അക്കൗണ്ട് തുടങ്ങാൻ അനുമതി നല്കണമെന്ന് കമ്മീഷൻ സെക്രട്ടറി പരാമർശത്തിലെ കത്തിലൂടെ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനുവേണ്ടി 2 ലക്ഷം രൂപയിൽ താഴെയുള്ള തുക മാത്രമേ അക്കൗണ്ടിൽ സൂക്ഷിക്കാവൂ എന്ന നിബന്ധനയോടെ കേരള സംസ്ഥാന പട്ടികജാതി പട്ടിക ഗോത്ര വർഗ കമ്മീഷൻ അക്കൗണ്ട്സ് ഓഫീസറുടെ പേരിൽ ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
കേരള സംസ്ഥാന പട്ടികജാതി പട്ടിക ഗോത്ര വർഗ കമ്മീഷൻ, അയ്യൻകാളി ഭവൻ, വെള്ളയമ്പലം, തിരുവനന്തപുരം -3
ധനകാര്യ (WW) വകുപ്പ്
SCSTDD (E) വകുപ്പ് (e-file No: SCSTDD-E2/67/2018-SCSTDD പ്രകാരം)
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ